**File No.EXC/338/2021-XE4**

**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 15/03/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC10/2021/EXCISE**

വിഷയം: എക്സൈസ് വകുപ്പ്- എൻ.ഡി.പി.എസ് ആക്ട് പ്രകാരം അറസ്റ്റ് ചെയ്യുന്ന പ്രതികളുടെ പേരിൽ സാമ്പത്തിക കുറ്റാന്വേഷണം നടത്തുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന: ഇല്ല

05.01.2021 തീയതി നടന്ന ക്രൈം സ്ക്വാഡ് മീറ്റിംഗിൽ NDPS Act പ്രകാരം അറസ്റ്റ് ചെയ്യുന്ന പ്രതികളുടെ പേരിൽ സാമ്പത്തിക കുറ്റാന്വേഷണം നടത്താത്തതുമൂലം പ്രതികൾ ഇത്തരം കുറ്റകൃത്യങ്ങളിലൂടെ സമ്പാദിച്ച പണം മൂലം ജാമ്യം നേടുന്നുവെന്നും വീണ്ടും അതേ കുറ്റങ്ങൾ ആവർത്തിക്കുന്നുവെന്നും അഭിപ്രായപ്പെടുകയുണ്ടായി. മേൽ സാഹചര്യം ഒഴിവാക്കുന്നതിലേക്കായി NDPS കേസുകൾ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ താഴെപ്പറയുന്ന കാര്യങ്ങൾ കൃത്യമായും പാലിക്കുന്നതിന് നിർദ്ദേശിക്കുന്നു.

1985-ലെ Narcotic Drugs and Psychotropic Substances Act-ലെ V-A അദ്ധ്യായത്തിൽ നിയമ വിരുദ്ധമായി സമ്പാദിച്ച വസ്തുക്കൾ കണ്ടുകെട്ടുന്നതിനു വേണ്ടിയുള്ള വ്യവസ്ഥകൾ പ്രതിപാദിച്ചിരിക്കുന്നു.ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത അദ്ധ്യായത്തിൽ 68 A മുതൽ 68 Z വരെ വകുപ്പുകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്.

ഈ ആക്ടിൻ കീഴിൽ പത്തോ അതിലധികമോ വർഷം തടവുശിക്ഷാ ലഭിക്കാവുന്ന കുറ്റം ചെയ്തതിന് അറസ്റ്റ് ചെയ്യപ്പെടുകയോ, അറസ്റ്റ് വാറണ്ട് നിലനിൽക്കുകയോ ചെയ്യുന്ന ആൾ , നിയമ വിരുദ്ധമായി സമ്പാദിച്ച വസ്തുക്കളുടെ കണ്ടെടുക്കൽ, മരവിപ്പിക്കൽ, പിൻതുടരൽ എന്നിവ ലക്ഷ്യമിട്ടാണ് ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ഉണ്ടാക്കിയിരിക്കുന്നത്.

ഈ ആക്ടിൻ കീഴിൽ 10 വർഷമോ അതിലധികമോ തടവുശിക്ഷ ലഭിക്കാവുന്ന ഒരു കുറ്റത്തിനു ശിക്ഷിക്കപ്പെട്ട ഏതൊരാളോ , സമാനമായ കുറ്റത്തിന് ഇന്ത്യക്കു പുറത്ത് അധികാരമുള്ള ഒരു ക്രിമിനൽ കോടതി ശിക്ഷിച്ച ഒരാൾക്കോ, 1988-ലെ ലെ Narcotic Drugs and Psychotropic Substances Act (1988-ലെ 46), പ്രകാരമോ 1988-ലെ The Jammu and Kashmir Prevention of illicit Traffic in Narcotic Drugs and Psychotropic Substances Act, 1988 പ്രകാരമോ അറസ്റ്റിനുള്ള ഉത്തരവ് നൽകപ്പെട്ട ഒരാൾക്കോ, ഈ ആക്റ്റ് പ്രകാരം 10 വർഷമോ അതിലധികമോ ശിക്ഷ ലഭിക്കാവുന്ന കുറ്റം ചെയ്തതിന്

അറസ്റ്റ് ചെയ്യപ്പെട്ടതോ അറസ്റ്റ് വാറണ്ട് നിലവിലുള്ളതോ ആയ ഒരാൾക്കോ, അയാളുടെ ബന്ധു , കൂട്ടാളി, അപ്രകാരമുള്ള വസ്തു നിലവിൽ കൈവശം വെച്ചിരിക്കുന്ന ആളുകൾ എന്നിവർക്ക് ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്.

ഈ അദ്ധ്യായത്തിന്റെ ആവശ്യത്തിലേക്കായി "associate" (കൂട്ടാളി) (Sec.68-B (b) വകുപ്പ്), illegally acquired Property (നിയമവിരുദ്ധമായി) ആർജ്ജിച്ച വസ്തു (68-B(g)); relative (ബന്ധു), (Sec.68-B (i)), Competent Authority (Sec.68-D) എന്നീ വാക്കുകൾക്ക് നിർവചനം നൽകിയിട്ടുള്ളതാണ്.

കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ Competent Authority-യുടെ മേൽ വിലാസം ചുവടെ പറയും പ്രകാരമാണ് ', അതായത് : -

The Competent Authority
SAFEM (for NDPS Act)
UTSAV Building, 64/1
G.N Chetty Toad, T.Nagar,
Chennai-600 617 ആണ്.

1985-ലെ എൻ.ഡി.പി.എസ് ആക്ടിലെ 68 E വകുപ്പ് നിയമവിരുദ്ധമായി ആർജ്ജിച്ച വസ്തുക്കൾ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

ഈ അദ്ധ്യായം ബാധകമാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഒരാൾ, നിയമവിരുദ്ധമായ ഏതെങ്കിലും വസ്തു ആർജ്ജിച്ചതായുള്ള വിവരം ലഭിക്കുകയും, ആയത് ബോദ്ധ്യപ്പെടുകയും ചെയ്യുന്ന പക്ഷം, (ആക്ടിലെ 53 വകുപ്പ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ) അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തി, അപ്രകാരമുള്ള വസ്തു തിരിച്ചറിയുന്നതിനു വേണ്ടി ആവശ്യമായ എല്ലാ നടപടികളും എടുക്കേണ്ടതാണ്. അതിന്റെ ഭാഗമായി ഏതെങ്കിലും ആൾക്കാർ, സ്ഥലം, വസ്തു, മുതൽ, രേഖകൾ ഏതെങ്കിലും ബാങ്കിലെയോ, പൊതു ധനകാര്യ സ്ഥാപനത്തിലെയോ കണക്കുബുക്കുകൾ എന്നിവ സംബന്ധിച്ച് അന്വേഷണം നടത്താവുന്നതാണ്.

പ്രസ്തുത നടപടികൾ Competent Authority ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്കും മാർഗ്ഗരേഖകൾക്കും അനുസൃതമായിരിക്കേണ്ടതാണ്.

ആക്ടിലെ 68 എഫ് വകുപ്പ് നിയമവിരുദ്ധമായി ആർജ്ജിച്ച വസ്തു കണ്ടെടുക്കുക/മരവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു, അതായത്- 68 E വകുപ്പ് പ്രകാരം അപ്രകാരം അന്വേഷണം നടത്തുന്ന (ഏതെങ്കിലും ഉദ്യോഗസ്ഥൻ) പ്രസ്തുത വസ്തു നിയമവിരുദ്ധമായി ആർജ്ജിച്ചതാണെന്നും ആയത് ഒളിപ്പിക്കുന്നതിനോ